# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 17, വ്യാഴം

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22


LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2003 ജൂലായ് മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ, ഓർഡർ................

### വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാൻ നടപടി

*1 [574] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാൻ നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടായിട്ടുണ്ടോ;

(ഡി) നിലവിൽ യാതൊരു തടസ്സവുമില്ലാത്തപക്ഷം അവരുടെ പുനരധിവാസം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ,

(എ) നിലവിൽ പദ്ധതി ഇല്ല. എന്നാൽ ഇത്തരത്തിൽ ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നു.

(ബി—ഡി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബി, സി, ഡി എന്നീ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ടി.യു. രാധാകൃഷ്ണൻ: വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് വനപ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പദ്ധതികളെക്കുറിച്ച് ഇവിടെ ചോദ്യം ഉന്നയിച്ചത്. അതിനിപ്പോൾ പ്രസക്തിയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. വന്യമൃഗ സങ്കേതങ്ങളിൽ ജീവിക്കുന്ന വന്യമൃഗങ്ങളെക്കുറിച്ച് കണക്കുകൾ എടുക്കുന്നതിനും ആദിവാസികൾ ഉൾപ്പെടെയുള്ളവർ താമസിക്കുന്ന മേഖലകളിൽ ജീവിക്കുന്ന വന്യമൃഗങ്ങളുടെ സെൻസസ് എടുക്കുന്നതിനും എന്തു ക്രമീകരണമാണ് ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത് ?

ശ്രീ. കെ. സുധാകരൻ: വന്യമൃഗങ്ങളുടെ കണക്കെടുപ്പിന് കാലോചിതമായി വകുപ്പ് കൈക്കൊള്ളുന്ന ചില സംവിധാനങ്ങളുണ്ട്. അതിൽ എൻ.ജി.ഒ. സംഘടനകളെ ബന്ധിപ്പിച്ചുകൊണ്ട് കാടുകൾ ബ്ളോക്കുകളായി തിരിച്ച് അവരെ കാട്ടിലേക്ക് അയച്ച് പരിശീലിപ്പിക്കുന്ന സംവിധാനവും നിലവിലുണ്ട്. വളരെ ആക്കുറേറ്റാണ് ഈ സെൻസസ് എന്നു പറയാൻ സാധിക്കില്ല. പൊതുവെ മൃഗങ്ങളുടെ ട്രെന്റാണ് നോക്കാറുള്ളത്. ഇത്തരം കാര്യങ്ങളിൽ അവലംബിക്കുന്ന മൂന്നുനാലു മെത്തേഡുകളിൽ ഒന്ന്, സാംപ്ളിംഗ് മെത്തേഡാണ്, dung counting, pug mark, ഡയറക്ട് കൗണ്ടിംഗ് തുടങ്ങിയ മെത്തേഡുകൾ ഉപയോഗിച്ചുകൊണ്ടാണ് ഇത്തരം കണക്കുകൾ സ്വീകരിക്കാറ്. ആക്കുറേറ്റ് കണക്ക് എടുക്കുന്നതിന് അപ്പോഴത്തെ മൃഗങ്ങളുടെ ട്രെന്റാണ് ഈ ടീം വിലയിരുത്താറ്. അങ്ങനെ എടുക്കുന്ന കണക്ക് വളരെ ആക്കുറേറ്റാണെന്നു പറയാൻ സാധിക്കില്ലെങ്കിലും സാമാന്യം കൃത്യത പാലിക്കാൻ ഈ കണക്കെടുപ്പിൽ സാധിക്കും.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സങ്കേതങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിക്ക് രൂപം നൽകിവരുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വയനാട് ഉൾപ്പെടെയുള്ള ജില്ലകളിൽ മുത്തങ്ങ സംഭവം ഉയർന്നുവന്ന സാഹചര്യത്തിൽ ഈ മേഖലയിൽ താമസിക്കുന്ന ആദിവാസികളെ മാറ്റി പാർപ്പിക്കുന്നത് ഇന്നു വളരെ പ്രധാനപ്പെട്ട പ്രശ്നമായി മാറിയിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായമുൾപ്പെടെ സ്വീകരിച്ചുകൊണ്ട് ഒരു സമ്പൂർണ്ണ പദ്ധതി നടപ്പാക്കുന്നതിന് വനംവകുപ്പും സംസ്ഥാന സർക്കാരും എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സെറ്റിൽമെന്റുകൾ കാലക്രമേണ പരിസ്ഥിതിക്ക് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്നാണ് ശാസ്ത്രീയ അഭിമതം. അതുകൊണ്ടുതന്നെ ഇവരെ ഒഴിപ്പിക്കേണ്ടത് അനിവാര്യവുമാണ്. വളരെ കാലമായി കാട്ടിനകത്തു താമസിക്കുന്ന ഇവരെ അവർക്ക് അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുക എന്നത് വളരെ നിസ്സാരമായ ഒരു കാര്യമല്ല. അതിന് അവരുടെ സമ്മതം വേണം. അവർ സമ്മതിക്കാതെ അവരെ മാറ്റി പാർപ്പിക്കുക സാധ്യമല്ല. വയനാട്ടിൽ ഇത്തരം ഒരു പദ്ധതിയുടെ അനിവാര്യത ഡിപ്പാർട്ടുമെന്റിനു ബോദ്ധ്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ പരിശോധനയും ഇത്തരം ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചതും. ഏതാണ്ട് അഞ്ചോളം സെറ്റിൽമെന്റുകളിലെ ആളുകൾ മാറാൻ സമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്. അതിൽ രണ്ടു സെറ്റിൽമെന്റുകളിലെ ആളുകൾ ഗവൺമെന്റുമായി ഒരു ധാരണ ഉണ്ടാക്കിയിട്ടുണ്ട്. ബാക്കി വരുന്ന സെറ്റിൽമെന്റുകളിലെ ആളുകൾക്ക് കൂടുതൽ ആനുകൂല്യം നൽകണമെന്നുള്ള വാദം ഉള്ളതുകൊണ്ട് അതു പരിഗണിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഏതായാലും കാടിന്റെ ഉൾഭാഗത്ത് താമസിക്കുന്ന ആളുകളെ ഒഴിവാക്കേണ്ടത് അനിവാര്യമാണ്. ആദിവാസികൾ അല്ലാത്തവരും കാടിന്റെ ഉൾഭാഗത്തു താമസിക്കുന്നുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. അവർ പല തരത്തിലും ഭൂമി കയ്യടക്കി കൈവശം

LIBRARY ARCHIVES Kerala Legislative Assembly

വച്ചിരിക്കുന്നു. പട്ടയ ലാന്റും ലീസ് ലാന്റും ഉണ്ട്. അവരും ഈ കാട്ടിനുള്ളിൽ ട്രൈബൽസിനു പുറമെ താമസിക്കുന്നുണ്ട്. ഏതായാലും ആത്യന്തികമായി ഇവരെയെല്ലാം ഒഴിവാക്കേണ്ടത് വനപരിപാലനത്തിന് അനിവാര്യമാണ് എന്നുള്ളതുകൊണ്ട് ഈ പദ്ധതിയുടെ പ്രാധാന്യം ഗവൺമെന്റ് മനസ്സിലാക്കുന്നു. അതനുസരിച്ച് ഈ പദ്ധതിക്ക് സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരത്തിനു ശ്രമിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. എൻ. ഡി. അപ്പച്ചൻ: വന്യമൃഗ സങ്കേതത്തിനകത്ത് നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പ്, മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് grow more food scheme-ൽ ഉൾപ്പെടുത്തി ആളുകളെ കുടിയിരുത്തി കൃഷി ചെയ്യിച്ചിരുന്നു. അത്തരം നൂറു കണക്കിന് കുടുംബങ്ങൾ ഇന്നു വയനാട്ടിലെ വന്യമൃഗ സങ്കേതത്തിനകത്ത് ഉണ്ട്. ബഹുമാന്യനായ വനം വകുപ്പുമന്ത്രി 2001 മേയ് മാസത്തിൽ വയനാട്ടിൽ ഒരു യോഗം വിളിച്ചുകൂട്ടി കാടിനകത്തുള്ള ആദിവാസികളേയും മറ്റുള്ളവരേയും മാറ്റി പാർപ്പിക്കുന്നതിനും കാടും നാടും വേർതിരിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ ആലോചിച്ചിരുന്നു. ആ പദ്ധതി ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. കാട്ടിൽ താമസിക്കുന്ന ആളുകളുടെ സൗകര്യം ഉപയോഗിച്ചുകൊണ്ട് വന്യമൃഗങ്ങളെ നിത്യേന കൊന്നൊടുക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരെ മാറ്റി പാർപ്പിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്കു തുടക്കം കുറിച്ചുകൊണ്ട് രണ്ടു കമ്മിറ്റികൾക്കു രൂപം കൊടുത്തിരുന്നു. ആ നടപടികൾ പൂർത്തിയാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. സുധാകരൻ: അവിചാരിതമായി ഉണ്ടായ ഒരു സംഭവമാണ് ഇത്തരം ഒരു പദ്ധതിക്ക് കാലവിളംബം ഉണ്ടാക്കിയത്. ആദിവാസി സമരത്തോടനുബന്ധിച്ച് മുത്തങ്ങയിൽ പ്രശ്നമുണ്ടായപ്പോൾ ആ പദ്ധതിയുടെ പ്രവർത്തന ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം സ്വാഭാവികമായും നിലച്ചു പോകുകയാണുണ്ടായത്. അടിയന്തിരമായി അതിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനും ഗവൺമെന്റ് നടപടികൾ സ്വീകരിക്കും.

ശ്രീ. എൻ. ഡി. അപ്പച്ചൻ: 980 കുടുംബങ്ങൾ കാടിനകത്ത് അധിവസിക്കുന്നുണ്ട്. 23 സെറ്റിൽമെന്റ് ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം Forest department-ലെ wildlife warden ഇതിനാവശ്യമായ മുഴുവൻ കണക്കുകളും ശേഖരിച്ച് സെൻട്രൽ ഗവൺമെന്റിന് ഒരു പ്രൊപ്പോസൽ അയയ്ക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. പക്ഷേ വന്യമൃഗങ്ങൾ നിത്യേന ജനങ്ങളെ ആക്രമിച്ചു കൊല്ലുന്ന സാഹചര്യം ഉണ്ടാകുന്നു. അതുപോലെ ആളുകൾ ആനകളെയൊക്കെ കൊന്നു കൊമ്പെടുത്തു കൊണ്ടുപോകുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഇവരെ മാറ്റി പാർപ്പിക്കണം. ഗവൺമെന്റ് അതിനുവേണ്ടി പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിനുള്ള നടപടിക്രമം എത്രയും പെട്ടെന്നു പൂർത്തിയാക്കാൻ ഗവൺമെന്റ് സന്നദ്ധമാണോ എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. സുധാകരൻ: ആനയെ കൊല്ലുന്നതും വേട്ടയാടുന്നതും ആദിവാസികൾ അല്ല, അതിനകത്ത് കടന്നു കയറിയിരിക്കുന്ന നാട്ടുകാരാണ്. ആദിവാസികളെ കുറ്റപ്പെടുത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. പുറമെയുള്ള ആളുകളാണ് അത് ചെയ്യുന്നത്. ഏതായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വയനാട്ടിൽ 89 സെറ്റിൽമെന്റുകളിലൂടെ 2,557 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ അറിവിലേക്കായി പറയുകയാണ്, ഈ പദ്ധതി പൂർണ്ണമായും പ്രാവർത്തികമാകണമെങ്കിൽ പുനരധിവാസത്തിനു സമ്മതമുള്ള സെറ്റിൽമെന്റുകളെ മാത്രമേ നമുക്ക് മാറ്റുവാൻ സാധിക്കൂ. സമ്മതമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

സെറ്റിൽമെന്റുകളെ മാറ്റാൻ പ്രയാസമാണ്. അഞ്ചു സെറ്റിൽമെന്റുകളിലെ ആളുകൾ മാത്രമേ ഇതുവരെ സമ്മതം നൽകിയിട്ടുള്ളൂ എന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്. ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൻമാർ, മറ്റു സെറ്റിൽമെന്റുകളിലെ ആളുകളുമായി ബന്ധപ്പെട്ട് അവരെ മാനസികമായി തയ്യാറെടുപ്പിക്കാൻ സാധിച്ചെങ്കിൽ മാത്രമേ മുഴുവൻ സെറ്റിൽമെന്റുകളേയും മാറ്റാനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയുള്ളൂ.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: വനാന്തരഭാഗത്തും വനത്തിന്റെ സമീപത്തും വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നാശം ഉണ്ടാക്കുന്നു. പുനരധിവാസത്തിനു ഇപ്പോൾ പദ്ധതി ഇല്ലെന്നും അങ്ങു പറഞ്ഞു. മൃഗങ്ങളെ വേട്ടയാടുന്നത് നിയമവിരുദ്ധമായതിനാൽ കൃഷി സംരക്ഷിക്കുന്നതിനും അതു നശിപ്പിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: നിലവിലുള്ള നിയമമനുസരിച്ച് കൃഷി നാശത്തിന് കോമ്പൻസേഷൻ ഗവൺമെന്റ് കൊടുക്കുന്നുണ്ട്. പക്ഷേ വളരെ പരിമിതമായ എമൗണ്ടാണ് കൊടുക്കുന്നത്. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചുതന്നെ മൃഗങ്ങളാൽ മരണപ്പെടുന്ന ആളുകൾക്ക് 20,000 രൂപയും അംഗവൈകല്യം സംഭവിക്കുന്നവർക്ക് 10,000 രൂപയും നഷ്ടപരിഹാരം കൊടുക്കുന്നുണ്ട്. അതുപോലെ കൃഷി നാശം സംഭവിച്ചാൽ നഷ്ടത്തിന്റെ 75 ശതമാനമോ അല്ലെങ്കിൽ 10,000 രൂപയോ ഏതാണ് വലുത് അത് നൽകാനാണ് ഇന്നത്തെ നിയമം. അതിലും ഒരു അപകടമുണ്ട്. പന്നിയും കുരങ്ങും കൃഷി നശിപ്പിച്ചാൽ അതിനു നഷ്ടപരിഹാരം കൊടുക്കാൻ വകുപ്പില്ല. പക്ഷേ ഈ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും കുരങ്ങ്, പന്നി മുതലായ വന്യമൃഗങ്ങൾ കൊണ്ടുണ്ടാകുന്ന കൃഷിനാശത്തിനു കൂടി നഷ്ടപരിഹാരം കൊടുക്കണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അത്തരം ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതനുസരിച്ച് ഇപ്പോൾ മരിക്കുന്ന ആളുകൾക്ക് 20,000 രൂപയാണ് കൊടുക്കുന്നതെങ്കിൽ അത് 50,000 രൂപയാക്കി ഉയർത്താനും 10,000 രൂപ കൊടുക്കുന്ന സ്ഥാനത്ത് 25,000 രൂപ കൊടുക്കാനും ഉദ്ദേശിച്ച് ഒരു നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: വന്യമൃഗങ്ങളിൽ ഏതെല്ലാം വിഭാഗത്തിനു വംശനാശം സംഭവിച്ചിട്ടുണ്ട്. വന്യമൃഗങ്ങളെ സംബന്ധിച്ച് അതിന്റെ സംഖ്യാബലത്തിൽ, വർഗ്ഗോദ്ധാരണത്തിൽ ഒരു സമതുലിതാവസ്ഥ ഇന്നില്ല. അക്കാരണത്താൽ വന്യമൃഗങ്ങളുടെ എണ്ണം അനിയന്ത്രിതമായി കൂടുന്ന വിഭാഗങ്ങൾക്ക് ഒരു നിയന്ത്രണം ഉണ്ടാക്കുവാനും അന്യം നിന്നു വരുന്നവയെ സംരക്ഷിക്കുവാനും എന്തെങ്കിലും പദ്ധതി തയ്യാറാക്കുമോ?

മി. സ്പീക്കർ: പ്രത്യേക ചോദ്യം വേണമോ?

ശ്രീ. കെ. സുധാകരൻ: പ്രത്യേക ചോദ്യം വേണ്ടതാണ്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിനെക്കുറിച്ച് ഒരു ചെറിയ അറിവ് നൽകാൻ എനിക്ക് താൽപ്പര്യമുണ്ട്. വന്യമൃഗ സങ്കേതങ്ങളുടെ പത്ത് വർഷത്തിനിപ്പുറമുള്ള കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ വന്യമൃഗങ്ങളുടെ തോതിൽ കുറവ് വന്നിട്ടില്ല. സാമാന്യം മോശമല്ലാത്ത വർദ്ധനവുണ്ടായിട്ടുണ്ട്. വർദ്ധനവ് ഉണ്ടായി എന്നു പറയുമ്പോൾ വോട്ടർ പട്ടികയിൽ ആളെ ചേർക്കുന്നതുപോലെ അപേക്ഷ കൊടുത്ത് ചേർക്കുന്നത് അല്ലാത്തതുകൊണ്ട് ആ കണക്കിൽ സത്യസന്ധതയുണ്ട്. പത്തുവർഷത്തിനിപ്പുറമുള്ള കണക്കെടുത്ത് നോക്കിയാൽ വന്യമൃഗങ്ങളുടെ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് കാണാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, അതിരപ്പിള്ളി പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്തെ പറമ്പിക്കുളം വന്യമൃഗ സങ്കേതത്തിനോട് തൊട്ട് ഒരുകമ്പ്മൂഴി എന്ന സ്ഥലത്ത് ഒരു പുഴയുണ്ട്. അതിലെ കടന്നുപോകാൻ പറ്റുന്ന രീതിയിൽ നിലവിൽ ഒരു ഫോറസ്റ്റ് റോഡുമുണ്ട്, വന്യമൃഗ സങ്കേതത്തിലേക്ക് എത്തിച്ചേരുന്നതിനുള്ള ഒരു ഫോറസ്റ്റ് റോഡാണ്. ചിറ്റൂർ, മലയാറ്റൂർ, കാലടി, അതിരപ്പിള്ളി, പറമ്പിക്കുളം വന്യമൃഗ സങ്കേതം എന്നിവയെ ബന്ധിപ്പിക്കുന്ന ആ റോഡ് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പറ്റുന്ന വിധത്തിൽ നന്നാക്കിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ചാണ് ചോദ്യം. ഇതുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വനസംരക്ഷണത്തിനു വേണ്ടിയുള്ള റോഡിന്റെ ആവശ്യകതയാണ്. വനസംരക്ഷണത്തിന് റോഡിന്റെ ആവശ്യകത ഇല്ല. റോഡ് ഇല്ലാതിരിക്കുന്നതാണ് വനസംരക്ഷണത്തിന് നല്ലത്. ബഹുമാനപ്പെട്ട മെമ്പർമാരുടെയെല്ലാം അറിവിലേക്ക് പറയുകയാണ്. റോഡിന്റെ ആവശ്യത്തിനുവേണ്ടി നിരവധി അപേക്ഷകൾ ഫോറസ്റ്റ് വകുപ്പിൽ കിട്ടാറുണ്ട്. പക്ഷെ ഓരോ അപേക്ഷയും പരിഗണിക്കുമ്പോൾ കാടിന്റെ സംരക്ഷണത്തിന് ബലം കുറയുന്നു എന്ന യാഥാർത്ഥ്യ ബോധം നമ്മുടെ മനസ്സിലുണ്ടാകണം. ഒരു പൊതുറോഡു വന്നാൽ ആ റോഡിൽ കൺവെയൻസ് കൊടുക്കുമ്പോൾ വനം സംരക്ഷിക്കപ്പെടുകയല്ല കയ്യേറാനുള്ള ടെന്റൻസി വർദ്ധിക്കുകയാണ്. വനം കയ്യേറാനുള്ള ഒരു മാദ്ധ്യമമായി മാറുകയാണ്. കാട് സംരക്ഷിക്കാനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർ സഹകരിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, കേരളമൊട്ടുക്ക് വനസംരക്ഷണ സമിതികൾ വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപംകൊണ്ടു കഴിഞ്ഞു. 14 വന്യമൃഗ സങ്കേതങ്ങളുമായി ബന്ധപ്പെട്ട വനസംരക്ഷണ സമിതികളുണ്ടാകും. ആ 14 വനസംരക്ഷണ സമിതികൾക്ക് വന്യമൃഗ സങ്കേതങ്ങളിലെ പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം കൊടുത്തുകൊണ്ടാണോ പറഞ്ഞുവിട്ടിരിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. സുധാകരൻ: സർ, വനസംരക്ഷണ സമിതിയെ സംബന്ധിച്ചിടത്തോളം എല്ലാ അർത്ഥത്തിലും വനം സംരക്ഷിക്കാനുള്ള പരിശീലനം അവർക്ക് നൽകുകവഴി അവരിൽ ഗവൺമെന്റ് പൂർണ്ണ വിശ്വാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാലമത്രയും ഉദ്യോഗസ്ഥൻമാരും നിയമങ്ങളുമൊക്കെ ഉണ്ടെങ്കിൽപ്പോലും വനം സംരക്ഷിക്കപ്പെടാൻ ഏറെ അഭികാമ്യം ആ ഉത്തരവാദിത്വം ജനങ്ങളുടെ കയ്യിൽ ഏൽപ്പിക്കുകയെന്നതാണ്. വനസംരക്ഷണ സമിതിയുടെ പ്രാധാന്യം ഈ കാലഘട്ടത്തിൽ വളരെയേറെ വില മതിക്കേണ്ടതാണ്. അവർക്ക് വനം സംരക്ഷിക്കാൻ എല്ലാവിധ പരിശീലനവും കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റിന് ആലോചനയുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമ്പോൾ, വനപ്രദേശത്ത് വസിക്കുന്ന ആദിവാസികളെ അവിടെനിന്നും മാറ്റി മറ്റു പ്രദേശങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ വനവുമായി ബന്ധപ്പെട്ട് ഇപ്പോഴും കഴിയുന്ന ആളുകൾ എന്നുള്ള നിലയിൽ ആദിവാസികൾ അവിടങ്ങളിൽനിന്നും മടങ്ങിവരാറില്ല. അപ്പോൾ അവരെ അവിടെത്തന്നെ പുനരധിവസിപ്പിക്കാനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചത് ബഹുമാനപ്പെട്ട അംഗം കേട്ടില്ലെന്ന് തോന്നുന്നു. പൂർണ്ണ സമ്മതത്തോടെ, പരസ്പര ധാരണയോടെ, അവരുടെ പൂർണ്ണ സമ്മതം വാങ്ങി മാത്രമേ സെറ്റിൽമെന്റ് സെറ്റ് ചെയ്യാൻ നമുക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് 89 സെറ്റിൽമെന്റുകൾ ഉണ്ടെങ്കിൽപ്പോലും 5 സെറ്റിൽമെന്റുകളിലെ ആളുകളേ കൺസെന്റ് തന്നിട്ടുള്ളൂ. അപ്പോൾ അവരുടെ സമ്മതത്തോടുകൂടി അവർ പോകാൻ സമ്മതിക്കുന്ന സ്ഥലത്തു മാത്രമേ അവരെ പുനരധിവസിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റ് പരമാവധി പരിശ്രമിക്കുന്നത് കാടിനോടനുബന്ധമായ സ്ഥലങ്ങളിലേക്ക് സൗകര്യമൊരുക്കാനാണ്. വയനാട് ജില്ലയിൽ മാത്രമാണ് അനുകൂലമായ നടപടികൾ ആരംഭിച്ചിട്ടുള്ളത്. രണ്ട് സെറ്റിൽമെന്റ് മാത്രമേ പൂർണ്ണമായും സമ്മതിച്ചിട്ടുള്ളൂ. ബാക്കിയുള്ള സെറ്റിൽമെന്റുകളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, വനപ്രദേശങ്ങളിൽ 1977-ന് മുമ്പ് കുടിയേറിപ്പാർത്തവർക്ക് ജോയിന്റ് വെരിഫിക്കേഷൻ നടത്തി അവരുടെ കൈവശമുള്ള ഭൂമി തിരിച്ചു കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയപ്പോൾ ഓരോ കർഷകന്റേയും കൈവശമുള്ള ഭൂമി എത്രയെന്ന് സത്യസന്ധമായി നിശ്ചയിക്കാതെ ഉദ്യോഗസ്ഥൻമാർ അവരുടെ ഇഷ്ടാനുസരണം നിശ്ചയിക്കുകയും അത്തരം പ്രദേശങ്ങളിൽ കൈവശമുള്ള ഭൂമിക്ക് പട്ടയം കിട്ടാത്ത അവസ്ഥയുമുണ്ടായിട്ടുണ്ട്. അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമെന്നുള്ള നിലയിൽ ജോയിന്റ് വെരിഫിക്കേഷൻ സത്യസന്ധമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, സത്യത്തിൽ ജോയിന്റ് വെരിഫിക്കേഷൻ വളരെ തകൃതിയായി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. 1977 എന്നു പറയുന്ന കട്ട് ഓഫ് ഡേറ്റ് ക്ളിപ്തപ്പെടുത്തിയെടുക്കാൻ ഒരുപാട് പ്രയാസങ്ങളുണ്ട്. മരത്തിന്റെ പ്രായം, വളർച്ച ഇവ നോക്കിയിട്ടാണ് 1977-ന് മുൻപാണോ പിൻപാണോയെന്ന് നിശ്ചയിക്കുന്നത്. പല കയ്യേറ്റക്കാരും ചെയ്യുന്നത് മരങ്ങൾ അതേപോലെ പിഴുതെടുത്ത് ഈ സ്ഥലങ്ങളിൽവച്ച് സ്ഥലത്തിന് കാലപ്പഴക്കമുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളാണ്. അതുകൊണ്ട് 1977 എന്നുപറയുന്ന കട്ട് ഓഫ് ഡേറ്റ് കണ്ടുപിടിക്കാൻ ഏറെ പ്രയാസമുണ്ട്. എങ്കിൽപ്പോലും വളരെ സാഹസപ്പെട്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് അട്ടിമറിക്കാനുള്ള ശ്രമങ്ങൾ പലഭാഗത്തുനിന്നുമുണ്ട്. ഞാൻ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളോട് പറയുന്നു. 1977 എന്ന് ഗവൺമെന്റ് തീരുമാനിച്ച കട്ട് ഓഫ് ഡേറ്റ് രാഷ്ട്രീയ നേതാക്കൻമാരുടെ പിൻതുണയില്ലാതെ പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. കാരണം കയ്യേറ്റക്കാരെ പലപ്പോഴും സഹായിക്കുന്നത്, ആ ഡേറ്റിൽ മായം ചേർക്കാൻ അവർക്ക് പ്രോൽസാഹനം നൽകുന്നത് രാഷ്ട്രീയ പാർട്ടി നേതൃത്വം എന്നു പറയുമ്പോൾ സമ്മർദ്ദങ്ങൾ ഏറെ ഗവൺമെന്റിലുണ്ട്. അതുകൊണ്ട് വനസംരക്ഷണം വേണമെന്നുണ്ടെങ്കിൽ, വനസംരക്ഷണം വഴിയേ നമ്മുടെ രാജ്യത്തിന് നിലനിൽപ്പുള്ളൂ, എന്ന ബോദ്ധ്യമുണ്ടെങ്കിൽ വനം സംരക്ഷിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ അതിൽ വെള്ളം ചേർക്കാനുള്ള നടപടികളെ പിന്തുണയ്ക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വനസംരക്ഷണത്തിനുവേണ്ട എല്ലാവിധ പിന്തുണയും പ്രതിപക്ഷത്തിന്റേതുണ്ട്. അതിൽ മന്ത്രിക്ക് യാതൊരു സംശയവും വേണ്ട. ഇവിടത്തെ ചോദ്യം വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ സംബന്ധിച്ചാണ്. വയനാട് ജില്ലയിലെ സുഗന്ധഗിരി പ്രോജക്ട് മുമ്പ് വനം വകുപ്പിന്റേതായിരുന്നു. ആ സ്ഥലം ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി

വിട്ടുകൊടുത്തു. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനപ്രകാരം ഈ പ്രോജക്ട് നിർത്തിവച്ച് ആ ഭൂമി ആദിവാസികൾക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇതിന്റെ ഫലമായിട്ടുണ്ടായിരിക്കുന്ന പ്രശ്നം ഈ തീരുമാനം ഗവൺമെന്റ് എടുത്തതോടുകൂടി അവിടത്തെ കളക്ടർ ചെയർമാനായിട്ടുള്ള സൊസൈറ്റി പിരിച്ചുവിട്ടു. അങ്ങനെ പിരിച്ചു വിട്ടപ്പോൾ ആ സ്ഥലം വനത്തിന്റേതായി മാറി. വനം വകുപ്പ് ഇപ്പോൾ അത് വിട്ടു കൊടുക്കുകയില്ല. അങ്ങനെയൊരു പുതിയ സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ്?

ശ്രീ. കെ. സുധാകരൻ: സർ, സുഗന്ധഗിരി വനഭൂമിയാണ്. അത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഒരു പ്ളാന്റേഷനായി പരിപാലിച്ചു വന്ന ഭൂമിയാണ്. ആദിവാസികൾക്ക് ഭൂമി കൊടുക്കുക എന്ന ഗവൺമെന്റിന്റെ നയം പ്രാവർത്തികമാക്കാൻ സുഗന്ധഗിരി ആലോചിച്ചിരുന്നു. സുഗന്ധഗിരി സ്വാഭാവികമായും സൊസൈറ്റിയിൽനിന്ന് മോചിപ്പിക്കപ്പെട്ടപ്പോൾ അത് സർക്കാരിന്റെ കയ്യിൽ വന്നു. വനഭൂമി വനേതര ആവശ്യങ്ങൾക്ക് കൊടുക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പെർമിഷൻ വേണമെന്നത് അങ്ങേക്കും അറിയാം. സ്വാഭാവികമായും ഈ സൊസൈറ്റി പിരിച്ചു വിടാതെ ഭൂമി വനംവകുപ്പിന്റെ കയ്യിൽ വരാത്തിടത്തോളം കാലം വനംവകുപ്പിന് ആദിവാസികൾക്ക് നൽകുന്ന ഭൂമിയുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടുതന്നെ ഭൂമി ഫോറസ്റ്റ് വകുപ്പിന്റെ കയ്യിലായി. ഇപ്പോൾ ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് സുഗന്ധഗിരി ആദിവാസികൾക്ക് പതിച്ചുകൊടുക്കാനുള്ള അനുവാദത്തിനുവേണ്ടി അപേക്ഷിച്ചിരിക്കുകയാണ്.

ശ്രീ. പി. പി. ജോർജ്: സർ, വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് 25,000 ഏക്കർ സ്ഥലത്തിന് ക്ളിയറൻസ് നൽകിയിട്ടുണ്ടോ എന്നും ആറളം ഫാമിന്റെ വലിയൊരു ഭാഗം നൽകാനുള്ള നടപടികൾ എന്തായെന്നും വിശദീകരിക്കാമോ?

ശ്രീ. കെ. സുധാകരൻ: ഇത് മൂലചോദ്യവുമായി ബന്ധപ്പെട്ട ചോദ്യമല്ല. എങ്കിലും ഞാൻ മറുപടി പറയാം. ബഹുമാനപ്പെട്ട ജോർജ് മാഷ് കേട്ടില്ലെന്ന് തോന്നുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് വളരെ വ്യക്തമായി നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ആദിവാസികൾക്ക് കൊടുക്കാനായി 25,000 ഏക്കർ ഭൂമി വിട്ടുകിട്ടാൻ കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചപ്പോൾ വളരെ പോസിറ്റീവായിട്ട് റിയാക്ട് ചെയ്തു. എക്സ്പെർട്ട് കമ്മിറ്റി കേരളത്തിൽ വന്നു. 25,000 ഏക്കർ ഭൂമി പരിശോധിച്ചു. മുമ്പ് സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസ് ചെയ്ത പല ഭൂമിയും ഇന്ന് ഡെൻ ഫോറസ്റ്റായി മാറിയിരിക്കുകയാണ്. അത്തരം സ്ഥലങ്ങൾക്കു പകരം പ്രക്ഷീണ വനങ്ങൾ ചൂണ്ടിക്കാണിക്കാനും അങ്ങനെ നൽകുകയാണെങ്കിൽ അനുകൂലമായി പരിഗണിക്കാമെന്നും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ആറളം ഫാം വിട്ടുകിട്ടണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി കിട്ടിയിട്ടില്ല. അനുമതിക്കുവേണ്ടി ഇപ്പോഴും കാത്തിരിക്കുകയാണ്. ക്ളിയറൻസും കിട്ടിയിട്ടില്ല. ആറളം ഫാം വിട്ടുകിട്ടാൻവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇതുവരെ അതിനൊരു മറുപടി കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: വനങ്ങളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളെ സംരക്ഷിക്കാനായി പല നടപടികളും എടുത്തിരുന്നു. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രിയായിരിക്കുന്ന സമയത്ത് ധാരാളം സോഷ്യൽ ആക്ടിവിസ്റ്റുകളെ നിയമിച്ച് അവരാണ് ആ ജോലി നല്ലവണ്ണം നിർവ്വഹിച്ചത്. സോഷ്യൽ ആക്ടിവിസ്റ്റുകളെ ഈ ഗവൺമെന്റ് ആദ്യം നിർത്തലാക്കി. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് പ്രൊട്ടക്ടഡ് വാച്ചർമാരുടെ ദിവസക്കൂലി പകുതിയായി രണ്ടു മാസം മുമ്പ് ഗവൺമെന്റ് വെട്ടിക്കുറച്ചു. അതിന്റെ അടിസ്ഥാനത്തിൽ തുച്ഛമായ വേതനംകൊണ്ട് പലർക്കും ജോലി ചെയ്യാൻ കഴിയുന്നില്ല. അവിടെ താമസിക്കുന്നവരെ സംരക്ഷിക്കാനാണ് അവരെ വച്ചിരിക്കുന്നത്.

മി. സ്പീക്കർ: മെയിൻ ചോദ്യവുമായിട്ട് ബന്ധപ്പെട്ടതാണോ ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നത്? പുനരധിവാസത്തിനുവേണ്ടി ചോദ്യമുണ്ടെങ്കിൽ ചോദിക്കൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: അത്തരത്തിൽ ജോലി ചെയ്തിരുന്ന ആളുകളുടെ ദിവസക്കൂലി പകുതിയായി വെട്ടിക്കുറച്ചാൽ എന്തു ചെയ്യും; എങ്ങനെ അവരെ പുനരധി വസിപ്പിക്കാൻ കഴിയും?

ശ്രീ. കെ. സുധാകരൻ: ഒന്നാമത്തെ കാര്യം, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രീതിയിൽ പഴയ നടപടികൾക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഉൾക്കാടുകളിൽ താമസിക്കുന്ന ആളുകൾക്കുവേണ്ടി കാലാകാലങ്ങളായി ഗവൺമെന്റ് ചെയ്യുന്ന എല്ലാ കാര്യങ്ങളും നിർബാധം ഇപ്പോഴും തുടരുന്നു. ഒന്നും നിർത്തിവച്ചിട്ടില്ല. രണ്ടാമത്തെ കാര്യം, വാച്ചർമാരുടെ ശമ്പളം വെട്ടിക്കുറച്ചതാണ്. അതും ആദിവാസികളും തമ്മിൽ എന്താണ് ബന്ധമെന്ന് എനിക്ക് അറിയില്ല. എങ്കിൽപ്പോലും വാച്ചർമാർക്ക് അനുവദി ച്ചിരിക്കുന്ന ഫണ്ടിന്റെ ലഭ്യതക്കുറവാണ് അത്തരം സാഹചര്യം ഉണ്ടാകാൻ കാരണം.

ശ്രീ. എ. കെ. മണി: കഴിഞ്ഞ കാലഘട്ടങ്ങളിൽ വന്യജീവി മേഖലയിൽ താമസിക്കുന്ന ആളുകളുടെ പുരോഗതിക്കുവേണ്ടി സർക്കാർ ഒട്ടേറെ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. ചില സാഹചര്യങ്ങളിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആളുകളെ മാറ്റാൻവേണ്ടി വന്യജീവി മേഖലകളായി പ്രഖ്യാപിക്കുകയും സർവ്വേയിൽ ഉൾപ്പെടുത്തുകയും പുറമേ താമസിപ്പിക്കാൻ വേണ്ടിയുള്ള മനഃപൂർവ്വമായ നടപടികൾ ഫോറസ്റ്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകാറുമുണ്ട്. കാട്ടുപോത്തുകളുടെ എണ്ണം വളരെ കുറഞ്ഞുപോയി. ആളിയാർ, പറമ്പിക്കുളം, ചിന്നാർ അതുപോലെ കൊടൈക്കനാലിൽ പോകുന്ന വഴിയിലൊക്കെ ഉണ്ടായിരുന്ന കാട്ടുപോത്തുകൾ മൊത്തം പോയി. പത്തു പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് എന്റെ കണ്ണുകൊണ്ട് കണ്ട കാട്ടുപോത്തുകൾ ഇപ്പോഴില്ല. ഈ സാഹചര്യത്തിൽ ഇവരെ അവിടുന്ന് മാറ്റുന്ന കാര്യത്തിൽ എനിക്ക് തർക്കമില്ല. മാറ്റേണ്ടത് മസ്റ്റാണ്. ഈ മേഖലയിൽ ഇവരെ പുനരധിവസിപ്പിക്കാൻവേണ്ടി നടപടി എടുത്തപ്പോൾ പല ആളുകൾക്കും നഷ്ട പരിഹാരം കൊടുത്തിട്ടില്ല. 20 വർഷമായി നഷ്ടപരിഹാരം കിട്ടാത്ത ആളുകൾ ഇപ്പോഴുമുണ്ട്. ചിന്നാർ മേഖലയിൽ പത്തും പതിനഞ്ചും വർഷങ്ങളായി നഷ്ടപരിഹാരം കൊടുത്തു തീർക്കാത്ത സാഹചര്യത്തിൽ ഇപ്പോഴും അവരെ അവിടെനിന്നും മാറ്റാൻ സാധിക്കുന്നില്ല. അത്തരത്തിലുള്ള ആളുകൾക്ക് നഷ്ടപരിഹാരം കൊടുത്തുകൊണ്ട് അവരെ പുനരധിവസിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: നഷ്ടപരിഹാരം കൊടുത്ത് അത്തരം ആളുകളുടെ പ്രശ്ന പരിഹാരത്തിന് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ചിന്നാറിൽ കാട്ടുപോത്തിന്റെ എണ്ണം കുറയുന്നു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. കേരളത്തിൽ ആകെ ഒരു ടൈഗർ റിസർവ് മാത്രമേയുള്ളൂ പെരിയാർ. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കാട്ടുപോത്തിന്റെ എണ്ണം കുറയുന്നതുകൊണ്ട് രണ്ടാമതൊരു ടൈഗർ റിസർവ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അത് പറമ്പിക്കുളം, ചിന്നാർ, ഇരവികുളം തുടങ്ങിയ പ്രദേശങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണ് വരുന്നത്. അതിന്റെ രൂപീകരണത്തോടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്ന വന്യമൃഗങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്താൻ കഴിയും.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സുഗന്ധഗിരി പ്രോജക്ടിലെ സൊസൈറ്റി പിരിച്ചു വിട്ടതിനെ സംബന്ധിച്ച് പറയുകയുണ്ടായി. അടിമവേല ചെയ്തിരുന്ന ആദിവാസികളെ പുനരധിവസിപ്പിക്കാൻവേണ്ടിയാണ് വർഷങ്ങൾക്കുമുമ്പ് സുഗന്ധഗിരി പ്രോജക്ട് കൊണ്ടുവന്നത്. എന്നാൽ ഈ ഗവൺമെന്റിന്റെ തെറ്റായ തീരുമാനത്തിന്റെ ഫലമായി ആ പ്രോജക്ടിലെ സൊസൈറ്റി പിരിച്ചു വിട്ടതുകൊണ്ടാണ് ആ ഭൂമി വനഭൂമിയായി മാറിയത്. ആയിരക്കണക്കിന് ആദിവാസി സഹോദരങ്ങൾ വഴിയാധാരമായി മാറുകയാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് ആദിവാസി സൊസൈറ്റി പുനഃസംഘടിപ്പിക്കാനും നിലവിലുണ്ടായിരുന്ന ജോലിയും കൂലിയും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുകൊണ്ട് അവരെ അവിടെത്തന്നെ താമസിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. കെ. സുധാകരൻ: ആദിവാസികൾ തെരുവിലായി എന്നു പറയുന്നത് ശരിയല്ല. അവർ ഇപ്പോഴും സംരക്ഷിക്കപ്പെടുന്നു. ലാൻഡ് തിരിച്ചെടുക്കുന്നതു തന്നെ ആദിവാസികൾക്കു കൊടുക്കാനാണ്. അവരുടെ സംരക്ഷണം ഗവൺമെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്. സുഗന്ധഗിരി പ്രോജക്ട് എടുക്കുന്നത് ആദിവാസികൾക്കു കൊടുക്കാനാണ്. അതുകൊണ്ടാണ് ആ ഭൂമി സഹകരണ സംഘത്തിൽനിന്ന് തിരിച്ചെടുത്തത്. സഹകരണസംഘത്തിൽനിന്ന് തിരിച്ചെടുക്കാതെ ഈ ഭൂമി വനേതര ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിക്കാൻ സാധിക്കുകയില്ല. സൊസൈറ്റിയുടെ കയ്യിൽ ഭൂമിയിരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിനോട് ചോദിക്കാൻ പറ്റുമോ? പറ്റുകയില്ല. കേന്ദ്ര ഗവൺമെന്റിന്റെ പെർമിഷൻ വാങ്ങിക്കുന്നതിനു വേണ്ടിയാണ് ഭൂമി സംഘത്തിൽനിന്ന് സർക്കാർ ഏറ്റെടുത്തത്.

ശ്രീമതി രാധാ രാഘവൻ: സർ, എന്റെ നിയോജകമണ്ഡലത്തിലാണ് തിരുനെല്ലി പഞ്ചായത്ത്. ആ പഞ്ചായത്തിൽ തിരുളുകുന്ന്, കാരമാട്, കൊട്ടിയൂർ എന്നീ പ്രദേശങ്ങളിൽ നിന്നാണ് അവരെ മാറ്റിപ്പാർപ്പിക്കുന്നത്. കൊട്ടിയൂർ പ്രദേശത്തുള്ളവർ മാറിപ്പോകാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇടക്കോട് പ്രദേശം ഉൾപ്പെടുത്തുന്നതിന് ഇന്നലെ മന്ത്രിക്കും സി.സി.എഫ്.-നും നിവേദനം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് അവരേയുംകൂടി മാറ്റാൻ ശ്രമിക്കണം. അവർക്കു കൊടുക്കേണ്ട നല്ല ഭൂമി എ.കെ.എസ്. എന്ന സംഘം കയ്യേറിയിരിക്കുകയാണ്. അവരെ അവിടെനിന്നും ഇറക്കി എല്ലാപേർക്കും സംയുക്തമായി നല്ല ഭൂമി കൊടുക്കാനും ഭൂമി തികഞ്ഞില്ലെങ്കിൽ പണം കൊടുക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട മെമ്പറുടെ ആദ്യത്തെ ആവശ്യമായ ഇടക്കോട് പ്രദേശം ഇതിനകത്ത് ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാണ്. ഇന്നലെ ബഹുമാനപ്പെട്ട അംഗം ഒരു നിവേദനം തന്നിരുന്നു. ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. എ.കെ.എസ്. ഭൂമി കയ്യേറിയത് യാഥാർത്ഥ്യമാണ്. ഇവിടെ വനസംരക്ഷണത്തിനുവേണ്ടി വീറോടെ വാദിക്കുകയും വനഭൂമി കയ്യേറുകയും ചെയ്യുന്നു. അത് പ്രതിപക്ഷത്തിന്റെ സഹജമായ സ്വഭാവമാണ്. ആര് കയ്യേറിയാലും വനഭൂമിയിൽനിന്ന് അവരെ ഇറക്കിയിരിക്കുമെന്നുള്ളത് ഗവൺമെന്റിന്റെ നയമാണ്. അത് പ്രാവർത്തികമാക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതാണ് എന്റെ ചോദ്യം. ഇത് ആദിവാസികളുമായി ബന്ധപ്പെടുത്തേണ്ട കാര്യമില്ല. വനസംരക്ഷണമാണ് ലക്ഷ്യമെന്ന് ഈ സഭയിൽ അങ്ങ് പറഞ്ഞു. ആദിവാസികൾ വനത്തിൽ കിടക്കട്ടെ. വനം സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ പുനരധിവസിപ്പിക്കേണ്ട കാര്യമെന്താണ്? വനം കയ്യേറിയിരിക്കുന്നവരെ ബലമായി അടിച്ചിറക്കാനുള്ള തീരുമാനം എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? വനം അനധികൃതമായി ആളുകൾ കയ്യേറുകയാണ്. അവരെ പുനരധിവസിപ്പിക്കേണ്ട കാര്യമില്ല. ഞാൻ പാലക്കാട് പോയപ്പോൾ ചാരായം വാറ്റുമായിട്ട് ആളുകൾ വനത്തിൽ കയറിയിരിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കേണ്ട കാര്യമെന്താണ്? അതുകൊണ്ട് ആദിവാസികളല്ലാത്ത ആരെങ്കിലും കയ്യേറിയിട്ടുണ്ടെങ്കിൽ അവരെ പുനരധിവസിപ്പിക്കാതെ അടിച്ചിറക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ശരിയാണ്. ഇന്ന് ഭൂമി കൈവശം വച്ചിരിക്കുന്നത് വ്യത്യസ്ത മാർഗ്ഗങ്ങളിലാണ്. ആദിവാസികളേയും നാട്ടിൻപുറത്തുനിന്നും ഭൂമി കയ്യേറാൻ പോയവരേയും രണ്ടും രണ്ടായി കാണണം. ആദിവാസികളെ പുനരധിവസിപ്പിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. പാരമ്പര്യമായി കാട്ടിൽ താമസിക്കുന്ന ആദിവാസികൾ കയ്യേറ്റക്കാരല്ല. അതുകൊണ്ട് അവരെ പുനരധിവസിപ്പിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. അതുപോലെ കാട്ടിലെ ഉൾവനങ്ങളിൽ പട്ടയ ഭൂമി ഉള്ളവരും ലാന്റ് ലീസിന് എടുത്തവരും ആദിവാസികളുടെ ഭൂമി വെട്ടിപ്പിടിച്ചവരുമുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. ജോർജ് പറഞ്ഞതുപോലെ അങ്ങനെയുള്ള ആളുകളെ പുറത്താക്കാം. ബാക്കിയുള്ള ആളുകളുടെ പ്രശ്നം സ്വാഭാവികമായും അനുഭാവപൂർവ്വം പരിഗണിക്കണം എന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. ഇ. എം. അഗസ്തി: സർ, വന്യമൃഗ സങ്കേതങ്ങളിലും അതിന്റെ പരിസര പ്രദേശങ്ങളിലും താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പക്ഷേ ഈ മറുപടി ചെറിയ ഒരു കൺഫ്യൂഷൻ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. വനപ്രദേശത്തോട് ചേർന്നു ജീവിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കാതെ തന്നെ വനവും വന്യജീവികളെ സംരക്ഷിക്കുന്നതിലും പങ്കാളിത്തം ഉറപ്പു വരുത്തുന്ന ഒരു പദ്ധതിയാണ് ഈ സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഏഴ് നാഷണൽ പാർക്കുകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ആ പദ്ധതിയുടെ പേര് ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാം എന്നാണ്. പെരിയാർ ടൈഗർ റിസർവ് ഈ പദ്ധതി നടപ്പിലാക്കിവരുകയാണ്. പെരിയാർ പ്രോജക്ട് ഒരു മോഡൽ പ്രോജക്ടായി വേൾഡ് ബാങ്ക് അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ പുനരധിവാസ പദ്ധതി എന്നത് ഒഴിവാക്കി പരിസരപ്രദേശത്ത് താമസിക്കുന്ന ആളുകളെ വനസംരക്ഷകരാക്കി മാറ്റുന്നതിനും വനത്തിന്റേയും വന്യജീവികളുടെയും സുഹൃത്തുക്കളും സംരക്ഷകരും ആക്കുന്നതിനുമുള്ള പദ്ധതി വ്യാപകമാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സുധാകരൻ: വനത്തിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം ആവശ്യപ്പെട്ടത് സർക്കാരിന്റെ പ്രഖ്യാപിത പരിപാടിയാണ്. പക്ഷേ പുനരധിവാസത്തെക്കുറിച്ച് പറഞ്ഞത് കാടിന്റെ ഉൾവശത്ത് താമസിക്കുന്ന ആദിവാസികളെ സംബന്ധിച്ചാണ്. ഇത് രണ്ടും രണ്ടാണ്. വനത്തിന്റെ ഉൾവശത്ത്

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്ന ആളുകളുടെ സാന്നിദ്ധ്യം വനസംരക്ഷണത്തിനും വനപാലനത്തിനും കാലക്രമേണ ദോഷകരമായി ഭവിക്കും എന്നതുകൊണ്ടാണ് അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കൽ എന്നുള്ളതാണ് ചോദ്യം. അപ്പോൾ നമ്മുടെ വനത്തിൽ ആരു കയറിയാലും അവരെ മാറ്റിയിരിക്കും എന്ന പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രി നടത്തി. വനത്തിൽ അനധികൃതമായി കയ്യേറുന്ന മറ്റ് ആളുകളെ ഇറക്കിവിടുക എന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. അതേസമയം ചില എക്സപ്ഷണൽ കേസിൽ, മന്ത്രി പറഞ്ഞതുപോലെ പട്ടയവും മറ്റുമായി താമസിച്ചുകൊണ്ടിരിക്കുന്നവരുടെ കാര്യം, അത് അങ്ങനെ തന്നെയാവട്ടെ. എന്നാൽ കടലിന്റെ മക്കൾ എന്ന് പറയുന്നതുപോലെ കാടിന്റെ തന്നെ മക്കളാണ് ഈ ആദിവാസികൾ. കാടിന്റെ മക്കളായ ആദിവാസികൾക്ക് അർഹമായ സ്ഥലത്ത് ഭൂമി കൊടുത്തുകൊള്ളാം എന്ന് മുഖ്യമന്ത്രി സംഘടനയുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി അവർക്ക് പ്രോമിസ് നൽകുന്നു. പലയിടങ്ങളിലും ജാനുവിന്റെ ആളുകളും മറ്റു ചിലരും കയറിയിട്ടുണ്ട്. ഇതെല്ലാംതന്നെ പ്രോമിസ് നടപ്പിലാക്കുന്നതിനുവേണ്ടിയാണ്. എപ്പോഴാണോ ഗവൺമെന്റ് അത് സംബന്ധിച്ചുള്ള വാഗ്ദാനം പാലിച്ചു തുടങ്ങുന്നത് അപ്പോഴേയ്ക്കും അവരുടെ കയറ്റവും നിൽക്കും. ഇപ്പോൾ അത് ആവശ്യമെന്നുള്ളയടിസ്ഥാനത്തിൽ സമരത്തിന്റെ ഭാഗമായി കയറുകയാണ്. അതിനെ വികൃതമായിട്ടുള്ള നിലയിൽ കാണരുത്. ഉടനെ ഇറക്കിയിരിക്കും എന്ന് പറയുമ്പോൾ അത് ഒരു വീക്ഷണഗതിയോടുകൂടി വേണം. കാട് അനധികൃതമായി, മതികെട്ടാനെപ്പോലെയുള്ള സ്ഥലങ്ങളിൽ കയ്യേറി കൈവശപ്പെടുത്തിയതുപോലെ തന്നെയുള്ള കൈവശപ്പെടുത്തലുകളൊക്കെ വേറെയും നടക്കുന്നുണ്ട്. കാടിന്റെ മക്കളായിട്ടുള്ള ആളുകൾക്ക് കൊട്ക്കാം എന്ന് വാഗ്ദാനം ചെയ്തതനുസരിച്ചുള്ള ഭൂമി കൊടുക്കുന്നതും രണ്ടും രണ്ടായിട്ട് കാണണം. ഇക്കാര്യത്തിൽ സൗഹൃദ മനോഭാവത്തോടു കൂടിയുള്ള സമീപനമല്ലേ സ്വീകരിക്കേണ്ടത്? അത് സംബന്ധിച്ച് എന്താണ് മന്ത്രിയുടെ ഉത്തരം?

ശ്രീ. കെ. സുധാകരൻ: കയ്യേറ്റം, കയ്യേറ്റം തന്നെയാണ്. കയ്യേറ്റത്തെ രണ്ടായി തിരിക്കാം. ഒറ്റപ്പെട്ട കയ്യേറ്റവും സംഘടിത കയ്യേറ്റവും. എ.കെ.എസ്. നടത്തിയത് സംഘടിത കയ്യേറ്റമാണ്. മറ്റുള്ളത് ഒറ്റപ്പെട്ട കയ്യേറ്റമാണ്. പിന്നെ സർക്കാർ ഭൂമി കൊടുക്കുമെന്ന വാഗ്ദാനം പ്രാവർത്തികമാക്കാനുള്ള നടപടികൾ, സർക്കാരിന് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി വേഗത്തിൽ, പൂർത്തീകരിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ പേരു പറഞ്ഞ് ഒരു സംഘടിത കയ്യേറ്റം ഒരുകാരണവശാലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ന്യായീകരിക്കാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. കയ്യേറ്റക്കാരെ കയ്യേറ്റക്കാരായി കാണാൻ തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. അത് സംഘടിതമായി കയ്യേറി എന്നുള്ളതുകൊണ്ട് ഒറ്റപ്പെട്ട കയ്യേറ്റത്തിന് മറ്റൊരു കാഴ്ചപ്പാട് ഗവൺമെന്റിനില്ല. കയ്യേറ്റം കയ്യേറ്റമായി കാണാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അത്തരം കയ്യേറ്റക്കാരെ നടപടികൾ ഉപയോഗിച്ച് ഇറക്കാൻ ഗവൺമെന്റ് തയ്യാറാകും.

ശ്രീ. പി. ടി. തോമസ്: സർ, രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് വനത്തിന്റെ ഉൾഭാഗങ്ങളിലുള്ള ചതുപ്പു നിലങ്ങൾ അടക്കമുള്ള സ്ഥലങ്ങൾ കൃഷി ചെയ്യാൻവേണ്ടി സർക്കാർ ആളുകളെ ക്ഷണിച്ചു വരുത്തിക്കൊടുക്കുകയാണുണ്ടായത്. എന്റെ നിയോജകമണ്ഡലത്തിൽ വേളൂർ ഭാഗം അടക്കം മൂന്ന് നാല്

പഞ്ചായത്തുകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന പത്തു പതിനഞ്ചു സെന്ററുകൾ ഉണ്ട്. 1991-96-ലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 'ഓപ്പറേഷൻ എലിഫന്റ്' എന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുകയുണ്ടായി. ഓപ്പറേഷൻ എലിഫന്റ് എന്ന പദ്ധതിക്ക് കേന്ദ്രം ഇഷ്ടംപോലെ ധനസഹായം നൽകുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ഈ പദ്ധതി പുനരാവിഷ്ക്കരിച്ചുകൊണ്ട് സമ്മതമുള്ള ആളുകളെ സൗകര്യപ്രദമായി മാറ്റി പാർപ്പിച്ച് വനം സംരക്ഷിക്കാൻ കൂടിയുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആ പദ്ധതി കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ്. കേന്ദ്ര ഗവൺമെന്റ് പദ്ധതി എന്ന നിലയ്ക്ക് കേന്ദ്രത്തിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇത് നിർത്തലാക്കിയതുകൊണ്ട് ഉണ്ടായ ഒരുപാട് പ്രയാസങ്ങൾ സംസ്ഥാന ഗവൺമെന്റ് അതിജീവിക്കുകയാണ്. അതുകൊണ്ട് സ്വാഭാവികമായും അത് പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്. പിന്നെ അദ്ദേഹം സൂചിപ്പിച്ചതുപോലെ അവിടെ ഒരു കാലത്ത് കൃഷി ചെയ്തിരുന്നതാണ്. അത് നമ്മൾ അംഗീകരിക്കുന്നു. ഓരോ നിയമവും ഓരോ കാലഘട്ടത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചാണ് ഉണ്ടാക്കുന്നത്. രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞ് ഭക്ഷ്യക്ഷാമത്തിൽ ഈ ലോകം അമർന്നപ്പോൾ അന്ന് കൃഷി ചെയ്യേണ്ടത് അനിവാര്യവും ആ കാലഘട്ടത്തിന്റെ ആവശ്യവുമായി വന്നു. അന്ന് ഭൂമി കൊടുത്തത് അങ്ങനെയാണ്. ഇന്ന് വനം സംരക്ഷിക്കുക, പരിസ്ഥിതി സംരക്ഷിക്കുക എന്നതാണ് ഏറ്റവും പ്രാധാന്യം എന്നതുകൊണ്ടുതന്നെ കാടിന്റെ ഉൾഭാഗത്തുള്ള താമസക്കാരെ ഒഴിപ്പിക്കാതിരിക്കാൻ സർക്കാരിന് സാധിക്കില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, 24,000 ത്തോളം ട്രൈബ്സ് എന്റെ നിയോജക മണ്ഡലത്തിൽ ഉണ്ട്. ഇതിൽ ഷോളയാർ പഞ്ചായത്തിലെ മുറ്റിക്കുളം, പുത്തൂർ പഞ്ചായത്തിലെ ആനവായ്-ഇടുക്കി-ഗലസി, അഗളി പഞ്ചായത്തിന് സമീപമുള്ള ഇടവാണി, ഷോളയാർ പഞ്ചായത്തിലെ തൂവാ തുടങ്ങിയ ഫോറസ്റ്റ് ഏരിയാകളിൽ ഏറ്റവും കൂടുതൽ ആളുകൾ താമസിക്കുന്ന പ്രദേശമാണ്. അവരോട് എങ്ങനെ പറഞ്ഞാലും അവർ അവിടെ നിന്നും കുടിയൊഴിഞ്ഞ് പോകാൻ തയ്യാറല്ല. പക്ഷേ ഇവരുടെ കൃഷികളൊക്കെ പലപ്പോഴും വന്യമൃഗങ്ങൾ നശിപ്പിക്കുകയാണ്. എലിഫന്റ് പ്രോജക്ടിൽ ഒരുപാട് പരിപാടികൾ ഉണ്ട്. അതുപോലെതന്നെ പന്നികൾ അനിയന്ത്രിതമായി പെറ്റുപെരുകുകയാണ്. ഈ സാഹചര്യത്തിൽ ഇന്റർ ഫോറസ്റ്റിൽ അവർ താമസിക്കുന്നത് നമ്മുടെ വനസംരക്ഷണത്തിനുകൂടി അനിവാര്യമായതുകൊണ്ട് അവരുടെ കൃഷി സംരക്ഷിക്കാനും മറ്റു രീതിയിലുള്ള ജീവിത മാർഗ്ഗങ്ങൾ വനത്തിനുള്ളിൽ ഉണ്ടാക്കിക്കൊടുക്കാനും സർക്കാർ ശ്രമിക്കുമോ ?

ശ്രീ. കെ. സുധാകരൻ: സർ, ഇപ്പോൾതന്നെ ട്രൈബ്സിന്റെ ഇത്തരം കാര്യങ്ങൾ നോക്കാൻ ഫോറസ്റ്റ് വകുപ്പിന്റേയും പിന്നോക്ക-പട്ടിക വർഗ്ഗ വകുപ്പിന്റേയും പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഏറ്റവും കൂടുതൽ എസ്.ടി. വിഭാഗമുള്ള ഒരു കോൺസ്റ്റിറ്റുവൻസിയാണ് അദ്ദേഹത്തിന്റേത്. വന്യമൃഗങ്ങൾ കൃഷിനാശം ഉണ്ടാക്കാറുണ്ട് എന്നൊക്കെ ഒരുപാട് പരാതികളും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും കിട്ടാറുണ്ട്. ഇതൊക്കെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉണ്ടെന്നും ആവശ്യമായ സത്വര നടപടികൾ എടുക്കുമെന്നും ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, വലിയ ഒരപകടം പതിയിരിക്കുന്ന ഒരു ചോദ്യമാണിത്. 1971-ൽ Kerala Private Forest (Vesting and Assignment) Act നിലവിൽ വന്നതിനുശേഷവും 27,080 ഏക്കർ ഭൂമി നമുക്ക് നഷ്ടപ്പെട്ടു. ഇനിയിപ്പോൾ വരാൻ പോകുന്നത് വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വനപ്രദേശങ്ങളിലെ താമസക്കാരെ പുനരധിവസിപ്പിക്കുക എന്നുള്ളതാണ്. ഇതിന്റെ പേരിൽ സ്വാഭാവികമായും കുറെ ഭൂമികൂടി നഷ്ടപ്പെടാൻ പോകുകയാണ്. വന്യമൃഗ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള റിസർവ്ഡ് ഫോറസ്റ്റ് അനധികൃതമായി കയ്യേറി ലക്ഷക്കണക്കിന് ഏക്കർ ഭൂമിയിൽ കഞ്ചാവ് കൃഷി നടത്തി, ഒരു മാഫിയ സംഘം രൂപം കൊള്ളുകയാണ്. ഈ സംഘത്തെയെങ്കിലും അവിടെനിന്ന് അടിച്ചോടിക്കാൻ ഒരു സമയബന്ധിത പരിപാടിക്ക് ഗവൺമെന്റ് രൂപം കൊടുക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ബാലൻ സൂചിപ്പിച്ചത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഒരു നിർദ്ദേശമാണ്. കഞ്ചാവ് കൃഷി നടത്തുന്നത് വനത്തിന്റെ ഉൾഭാഗത്താണ്. സംഘടിതമായ ഒരു മാഫിയ സംഘം അതിന്റെ പിന്നിൽ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ജില്ലയായ പാലക്കാട് ജില്ലയിലെ വനാന്തർഭാഗങ്ങളിൽ ഏറെ കഞ്ചാവ് കൃഷി നടക്കുന്നുണ്ട്. എക്സൈസിന്റേയും, പോലീസിന്റേയും, ഫോറസ്റ്റിന്റേയും സംയുക്തമായ പ്രവർത്തനങ്ങളിലൂടെ അതിനെതിരായിട്ടുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഉന്നതതലങ്ങളിൽ ഗവൺമെന്റ് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അടിയന്തിരമായും കഞ്ചാവ് കൃഷി ഇല്ലായ്മ ചെയ്യാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പറമ്പിക്കുളം ഒരു വന്യമൃഗ സംരക്ഷണ കേന്ദ്രമാണ്. ഐശ്വര്യമായി നിലനിൽക്കുന്ന മൃഗങ്ങൾ സമാധാനത്തോടെ അവിടെ ജീവിക്കുകയും ചെയ്യുന്നു. പറമ്പിക്കുളം ഉൾക്കാടുകളിലാണ് പട്ടികവർഗ്ഗക്കാരും താമസിക്കുന്നത്. അവർ മുൻകാലങ്ങളിൽ വനത്തിൽനിന്ന് അത്യാവശ്യമായ വനവിഭവങ്ങൾ എടുത്ത് ജീവിച്ചു പോന്നവരാണ്. ഇപ്പോൾ ആ ഉൾക്കാടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരിൽ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസം കൊടുത്ത് മുന്നോട്ടു കൊണ്ടുവരുന്നുണ്ട്. വിദ്യാഭ്യാസം ലഭിച്ച ഇവർക്ക് ഈ ഉൾക്കാടുകളിൽ താമസിച്ച് ഉപജീവനം നടത്താൻ സാധിക്കുകയില്ല. അവരെ അവിടെ താമസിപ്പിക്കുന്നത് അവർക്കും വന്യമൃഗങ്ങൾക്കും, കാടിനും ഒരുപോലെ ദോഷകരമാണ്. ഇത്തരം ആളുകളെ സ്വയം തൊഴിൽ നൽകി പുനരധിവസിപ്പിക്കേണ്ടത് ഇനിയങ്ങോട്ട് വന്യമൃഗ സംരക്ഷണം സുരക്ഷിതമാക്കുന്നതിന് അത്യാവശ്യമാണ്. അതിന് വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനും, ഉയിർത്തെഴുന്നേൽപ്പിനും ഈ പുനരധിവാസം കൊണ്ടു മാത്രം സാധിക്കുമെന്നൊന്നും ഗവൺമെന്റ് കരുതുന്നില്ല. സാമൂഹ്യപരമായ ഒരു മാറ്റം അവരിൽ ഉണ്ടാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ആദിവാസി സമൂഹത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. മത്തായി ചാക്കോ: സർ, ജൈവ വൈവിദ്ധ്യങ്ങളുടെ കലവറയായ അഗസ്ത്യാർ വനമേഖലയിലെ പേപ്പാറ, നെയ്യാർ വന്യജീവി സങ്കേതങ്ങളോടനുബന്ധിച്ച് 1992-ൽ ഒരു ബയോളജിക്കൽ പാർക്ക് തുടങ്ങാൻ വേണ്ടി ഒരു പദ്ധതിയിട്ടിരുന്നു. 2 കോടി 31 ലക്ഷം ഉറുപ്പിക അതിനുവേണ്ടി ചെലവഴിച്ചു. ആ പദ്ധതിയുടെ ഭാഗമായി 56 ആദിവാസി

കുടുംബങ്ങളെ കുടിയൊഴിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. പൊതുപണം വൻതോതിൽ ദുരുപയോഗം ചെയ്യുന്നതിനുള്ള ഒരു ഉദാഹരണമാണിത്. ആ പദ്ധതി ഉപേക്ഷിച്ചുപോയി, ആ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്, ബയോളജിക്കൽ പാർക്കിന്റെ നിർമ്മാണം സംബന്ധിച്ചുള്ള നടപടികൾ ഗവൺമെന്റ് നിർത്തിവച്ചോ?

മി. സ്പീക്കർ: ബയോളജിക്കൽ പാർക്ക് ഇതിൽ വരുന്ന സബ്ജക്ടാണോ?

ശ്രീ. മത്തായി ചാക്കോ: വന്യജീവി സങ്കേതങ്ങളോട് അനുബന്ധിച്ചുള്ളതാണ്.

മി. സ്പീക്കർ: പുനരധിവാസമാണോ ബയോളജിക്കൽ പാർക്ക്.

ശ്രീ. മത്തായി ചാക്കോ: 56 കുടുംബങ്ങൾ ഉണ്ട്.

(മറുപടി പറഞ്ഞില്ല)

## കയർ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ

*2 (575) ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കയർ കയറ്റുമതി രംഗത്തെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) ഉണ്ട്.

(ബി) കയർ മേഖലയിൽ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എല്ലാംതന്നെ കയർ മേഖലയുടെ വികസനത്തിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഒരു പഠനം നടന്നുവരുന്നു. പുതിയ ഡിസൈനിൽ കയറുല്പന്നങ്ങൾ നിർമ്മിക്കുക, പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയവയ്ക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയോ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയേയോ ചുമതലപ്പെടുത്തി ഒരു പഠനം നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാനും, ഉൽപ്പാദനച്ചെലവ് കുറയ്ക്കാനും അതിനുള്ള പരിശീലനം നൽകുന്നതിനുമായി നിയന്ത്രിത യന്ത്രവൽക്കരണ പദ്ധതി നടപ്പാക്കിവരുന്നു. കയറിന്റേയും കയറുല്പന്നങ്ങളുടെയും

LIBRARY ARCHIVES Kerala Legislative Assembly